# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 528** — **29.01.2019 ൽ മറുപടിക്ക്**

**നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി. ഉണ്ണി | ശ്രീ. ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി) |

(എ) ക്വാറി ഉല്പന്നങ്ങളുടെ ലഭ്യതക്കുറവ് മൂലം നിർമ്മാണ മേഖലക്കുണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്ത് ക്വാറി ഉല്പന്നങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിലേക്ക് ക്വാറി പ്രവർത്തനം സാധ്യമാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു.

1. 5-ഹെക്ടറിനു താഴെ വിസ്തീർണ്ണമുള്ള സ്ഥലത്തേക്ക് പരിസ്ഥിതി ക്ലിയറൻസ് അനുവദിക്കുന്നതിന് ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥിതിയാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യും ജില്ലാതല അപഗ്രഥന സമിതി (DEAC) യും രൂപീകരിച്ചിട്ടുണ്ട്. നിലവിൽ ജില്ലാ തല വിദഗ്ധ സമിതികൾ പുനഃസംഘടിപ്പിക്കുവാൻ 11.12.2018 ൽ ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ആയതിനാൽ നിലവിൽ ഈ സമിതികൾ പ്രവർത്തി ക്കുന്നില്ല)
2. ക്വാറി സ്ഥലത്തേക്ക് റോഡ്, വീട്, ആരാധനാലയങ്ങൾ തുടങ്ങിയവയിൽ നിന്നുള്ള ദൂരപരിധി 100 മീറ്ററിൽ നിന്നും 50 മീറ്ററായി കുറയ്ക്കുകയുണ്ടായി.
3. ചെറുകിട ക്വാറികളുടെ പ്രവർത്തനത്തിനായി ലഘൂകരിച്ച മൈനിംഗ് പ്ലാൻ സർക്കാർ അംഗീകരിച്ചു നൽകിയിട്ടുണ്ട്.
4. നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയിൽ നിന്നും ക്വാറിയിലേക്കുള്ള ദൂരപരിധി 1 കി.മീ ആയി നിജപ്പെടുത്തി മറ്റുള്ള സ്ഥലങ്ങളിൽ വനാതിർത്തിയിൽ നിന്നും ക്വാറിയിലേ

ക്കുള്ള ദൂരപരിധി നിശ്ചയിച്ചിരുന്നത് ഒഴിവാക്കി.

5. അന്യ സംസ്ഥാനത്തു നിന്നും ക്വാറി ഉൽപന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിനു വേണ്ട മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. കൂടാതെ വിദേശങ്ങളിൽ നിന്നും ക്വാറി ഉൽപന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിനും നിലവിൽ തടസ്സമില്ല.
6. ബഹു.മുഖ്യമന്ത്രി ബന്ധപ്പെട്ട വകുപ്പ് മന്ത്രിയുടേയും ഉന്നത ഉദ്യോഗസ്ഥരുടെയും നിരവധി യോഗങ്ങൾ വിളിച്ചുചേർക്കുകയും നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ നിർദ്ദേശിക്കുകയും ചെയ്തു. ജില്ലാ തലത്തിൽ പാരിസ്ഥിതികാനുമതി നൽകുന്നതിനു വേണ്ട നടപടികൾ ദ്രുതഗതിയിൽ ആക്കുന്നതിനുവേണ്ടി ജില്ലാ കളക്ടർമാർക്കും ജില്ലാ ജിയോളജിസ്റ്റുമാർക്കും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.
7. 2015 ലെ കെ.എം.എം.സി ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം വിവിധ ജില്ലകളിലായി കരിങ്കല്ല് ഖനനം ചെയ്യുന്നതിന് 277 ക്വാറിയിംഗ് ലീസുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും 1 വർഷ കാലാവധിയിൽ ക്വാറിയിംഗ് പെർമിറ്റുകളും അനുവദിച്ചു വരുന്നുണ്ട്.

| | |
|---|---|
| (ബി) വിദേശത്തു നിന്ന് ആറ്റുമണൽ ഇറക്കുമതി ചെയ്യുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) വിദേശത്തു നിന്നും മണൽ ഇറക്കുമതി ചെയ്യാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ 20.02.2018 തീയതിയിലെ 57/എ 3/2018/ഐ.ഡി നമ്പരായ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി സർക്കുലർ പ്രകാരം ഡീലേഴ്സ് ലൈസൻസുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ സത്വര നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ ജിയോളജിസ്റ്റുമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം വിദേശത്തു നിന്നും ഇറക്കുമതി ചെയ്ത മണൽ കേരളത്തിൽ വിൽപ്പന നടത്തി വരുന്നുമുണ്ട്. |

**സെക്ഷൻ ഓഫീസർ**